## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: **5455.** 18.11.2019 ൽ മറുപടിക്ക്

## കെ-ഫോൺ പദ്ധതിയുടെ ടെണ്ടർ നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, അനിൽ അക്കര<br>,, അനൂപ് ജേക്കബ്<br>,, എ.പി. അനിൽ കുമാർ :** | | **പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി കമ്പനികളെ തെരഞ്ഞെടുക്കാൻ വിവര സാങ്കേതിക വകുപ്പ് നടത്തിയ ടെണ്ടർ നടപടികളിൽ പ്രസ്തുത നടപടികളുമായി ബന്ധപ്പെട്ട സർക്കാരിന്റെ ഉത്തരവുകൾ പാലിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (എ) | കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ ഉത്തരവുകൾ പാലിച്ച് ഇ-ടെൻഡർ പോർട്ടൽ വഴി ടെൻഡർ നടപടികൾ പൂർത്തിയാക്കിയാണ് സിസ്റ്റം ഇന്റഗ്രേറ്ററായി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിനെ തെരഞ്ഞെടുത്തത്. |
| (ബി) | സർക്കാരിന്റെ ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട് 2017-ൽ ധന വകുപ്പ് പുറത്തിറക്കിയ ഉത്തരവുകൾ വിവരസാങ്കേതിക വകുപ്പിന് ബാധകമല്ലേയെന്ന് അറിയിക്കാമോ; | (ബി) | ധനകാര്യ വകുപ്പ് പുറത്തിറക്കിയ ഉത്തരവുകളിലെ പൊതുവായ കാര്യങ്ങൾ ഐ.ടി. വകുപ്പിനും ബാധകമാണ്. |
| (സി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് എസ്റ്റിമേറ്റ് തുകയുടെ അറുപത് ശതമാനം കൂടുതൽ നിരക്കിൽ ഒരു കൺസോർഷ്യത്തിന് നൽകിയത് പ്രസ്തുത ഉത്തരവുകൾ പാലിച്ചിട്ടാണോ എന്ന് വ്യക്തമാക്കാമോ? | (സി) | കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി ഭാരത സർക്കാരിന്റെ നവരത്ന കമ്പനിയായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് (BEL) നേതൃത്വം നലകുന്ന കൺസോർഷ്യത്തിനാണ് കരാർ നൽകിയിരിക്കുന്നത്. സർക്കാരിന്റെ ഇ-ടെണ്ടർ പോർട്ടൽ വഴി നിഷ്കർഷിച്ചിട്ടുള്ള നിയമങ്ങളും മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് പ്രസ്തുത കമ്പനിയെ തെരഞ്ഞെടുത്തത്. കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ) പദ്ധതിക്ക് പ്രാഥമിക ഭരണാനുമതി നൽകിയപ്പോൾ, പ്രതിവർഷ പ്രവർത്തന ചെലവായ 104.4 കോടി രൂപ, 7 വർഷത്തേക്ക് കണക്കാക്കു |

| | | | |
|---|---|---|---|
| | | | ന്നതിന് പകരം, ഒരു വർഷത്തേക്ക് മാത്രമായി കണക്കാക്കുകയും, അങ്ങനെ ഭരണാനുമതി തുക 1028.20 കോടി രൂപയായി (നികുതികൾ പുറമെ) നിജപ്പെട്ടുകയുണ്ടായി. എന്നാൽ 7 വർഷത്തെ പ്രവർത്തന പരിപാലന ചെലവുകൾ കണക്കാക്കിയാൽ, എസ്റ്റിമേറ്റ് തുക 1654.60 കോടി രൂപ ആകുമായിരുന്നു. രണ്ട് വർഷത്തെ നിർമ്മാണ പ്രവർത്തനത്തിനും 7 വർഷത്തെ പ്രവർത്തന പരിപാലന ചെലവുകൾ ഉൾപ്പെടെ ആകെ 9 വർഷത്തേക്ക് 1531.68 കോടി രൂപയുള്ള (നികുതികൾ പുറമെ) കരാറാണ് ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന് നൽകിയത്. ഇത് മേൽ പരാമർശിച്ച പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയുടെ പരിധിയിൽ വരുന്നതാണ്. ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഡിപ്പാർട്ട്മെന്റൽ പർച്ചേയ്സ് കമ്മിറ്റി (ഡി.പി.സി) യുടെ അനുമതിയോടുകൂടിയാണ് ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൺസോർഷ്യത്തിനെ പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായി അംഗീകരിച്ചിട്ടുള്ളത്. കൂടാതെ ആദ്യ ഭരണാനുമതി തുകയും, ടെണ്ടർ തുകയും തമ്മിലുണ്ടായ വ്യത്യാസം പരിഗണിച്ച്, മന്ത്രിസഭ യോഗത്തിന്റെ അനുമതിയോടുകൂടിയാണ് കെ-ഫോൺ പദ്ധതിക്ക് 1548.08 കോടി രൂപയ്ക്ക് (നികുതികൾ പുറമെ) പുതുക്കിയ ഭരണാനുമതി നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ